പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 6032

28/10/2011 ൽ മറുപടിക്ക്

## എ.പി.എൽ/ബിപി.എൽ വിഭാഗങ്ങൾക്ക് രണ്ട് രൂപ നിരക്കിലുള്ള അരി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ടി.എം.ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) മുൻ സർക്കാർ ഏതൊക്കെ വിഭാഗങ്ങളെയാണ് എ.പി.എൽ./ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തി രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽപ്പെടുത്തിയിരുന്നത്; | (എ) മുഴുവൻ ബി.പി.എൽ./എ.എ.വൈ. കുടുംബങ്ങളെയും എ.പി.എൽ. വിഭാഗത്തിലെ മത്സ്യത്തൊഴിലാളി, ആശ്രയ, പട്ടികജാതി. പട്ടികവർഗ്ഗകുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് പല ഘട്ടങ്ങളിലായി ഉൾപ്പെടുത്തിയ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. തുടർന്ന് 25.2.2011 മുതൽ എല്ലാ കാർഡുടമകളെയും താഴെപ്പറയുന്ന നിബന്ധനങ്ങൾക്കു വിധേയമായി 2/ രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി.<br><br>1. രണ്ടര ഏക്കറിൽ കുറഞ്ഞ ഭൂമിയുള്ള കുടുംബങ്ങൾ.<br>2. പ്രതിമാസം 25,000/ രൂപയിൽ കുറഞ്ഞ കുടുംബ വരുമാനമുള്ളവർ.<br>3. 2500 ചതുരശ്ര അടിയിൽ കുറഞ്ഞ വലിപ്പമുള്ള വീടുള്ള കുടുംബങ്ങൾ. |
| (ബി) ഓരോ വിഭാഗത്തിലും ഏകദേശം എത്ര പേർക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുമായിരുന്നത്; | (ബി) 25.05.2011 ലെ കണക്കുകൾ പ്രകാരം 14.61 ലക്ഷം ബി,പി,എൽ. കുടുംബങ്ങളും 5.96 ലക്ഷം എ.എ.വൈ. കുടുംബങ്ങളും 45.39 ലക്ഷം എ.പി.എൽ. കുടുംബങ്ങളും പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ടിരുന്നു. |

(സി) ആകെ എത്ര ലക്ഷം കുടുംബങ്ങൾക്ക് ഒരു മാസം എത്ര കിലോ അരി വീതം നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്;

(സി) 65.96 ലക്ഷം കുടുംബങ്ങൾക്ക് അതാത് കാറ്റഗറിക്ക് അർഹതപ്പെട്ട അളവിൽ അരി നല്കുവാൻ പദ്ധതി തയ്യാറാക്കി. 25.5.11 ലെ കണക്ക് പ്രകാരം ഒരു മാസം വിതരണം ചെയ്തിരുന്ന അരിയുടെ വിവരം താഴെക്കൊടുക്കുന്നു.
എ.പി.എൽ. 10 കിലോ, ബി,പി,എൽ. 28 കിലോഗ്രാം, എ.എ.വൈ. 35 കിലോഗ്രാം.

(ഡി) ഈ സർക്കാർ പ്രഖ്യാപിച്ച ഒരു രൂപയ്ക്ക് ഒരു കിലോ അരി ഏതൊക്കെ വിഭാഗങ്ങൾക്കാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ സർക്കാർ എല്ലാ ബി.പി.എൽ./എ.എ.വൈ. കുടുംബങ്ങൾക്കുമാണ് ഒരു രൂപ നിരക്കിൽ അരി വിതരണം ചെയ്തു തുടങ്ങിയിട്ടുള്ളത്. സർക്കാർ അംഗീകൃത അനാഥാലയങ്ങളിലെ അന്തേവാസികൾക്കും ഒരു രൂപ നിരക്കിൽ അരി ലഭിക്കും.

(ഇ) ഓരോ വിഭാഗത്തിലും എത്ര കുടുംബ ങ്ങൾക്കാണ് ആനുകൂല്യം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഇ) 14.61 ലക്ഷം ബി.പി.എൽ കുടുംബങ്ങൾക്കും 5.96 ലക്ഷം എ.എ.വൈ. കുടുംബങ്ങൾക്കും ആനുകൂല്യം നൽകി വരുന്നു.

(എഫ്) പ്രസ്തുത പദ്ധതി എന്ന് മുതലാണ് നടപ്പാക്കുന്നതെന്നും ഇതിനകം എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട് എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

(എഫ്) 2011 സെപ്തംബർ 1 മുതലാണ് പദ്ധതി നടപ്പിൽ വരുത്തിയത്. പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം 2011 ആഗസ്ത് 27 ന് ബഹു. കേന്ദ്ര പ്രതിരോധ വകുപ്പ് മന്ത്രി ശ്രീ. എ.കെ.ആന്റണി നിർവ്വഹിക്കുകയുണ്ടായി. ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ബി.പി.എൽ | എ.എ.വൈ. |
|---|---|---|
| TVM | 163068 | 65465 |
| KLM | 155515 | 52205 |
| PTA | 58800 | 26779 |
| ALP | 134766 | 43555 |
| KTM | 99207 | 35427 |
| IDK | 60490 | 31897 |
| EKM | 102739 | 39530 |
| TCR | 158041 | 57735 |
| PKD | 94261 | 47523 |
| MLM | 143786 | 54928 |
| KKD | 128173 | 42556 |
| WND | 23419 | 40794 |
| KNR | 90779 | 36374 |
| KSD | 47691 | 20993 |
| TOTAL | 1460735 | 595761 |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

| | |
|---|---|
| 1. പട്ടികജാതി<br>2. പട്ടികവർഗ്ഗം<br>3. മത്സ്യത്തൊഴിലാളി<br>4. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർ<br>5. കയർത്തൊഴിലാളി<br>6. കശുവണ്ടിത്തൊഴിലാളി<br>7. കർഷകത്തൊഴിലാളി<br>8. ഖാദിത്തൊഴിലാളി<br>9. കൈത്തറിത്തൊഴിലാളി<br>10. പനമ്പ് തൊഴിലാളി<br>11. ഈറ്റത്തൊഴിലാളി<br>12. തോട്ടം തൊഴിലാളി<br>13. ബീഡിത്തൊഴിലാളി<br>14. പാഴ്പ്പായനിർമ്മാണത്തൊഴിലാളി<br>15. മൺപാത്ര നിർമാണത്തൊഴിലാളി<br>16. തൊഴിലുറപ്പു പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്തവർ<br>17. പരമ്പരാഗത ആഭരണ നിർമാണ തൊഴിലാളി | 18. ഓട്ടു കമ്പനി തൊഴിലാളി<br>19. ഓട്ടോമൊബൈൽ റിപ്പയറിംഗ് തൊഴിലാളി<br>20. സ്കൂൾ ശുചീകരണ /പാചക തൊഴിലാളി<br>21. ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളി<br>22. ഓട്ടോ റിക്ഷാ തൊഴിലാളി<br>23. ഇ.പി.എഫ്. പെൻഷൻകാർ<br>24. നിർമ്മാണ തൊഴിലാളി<br>25. കള്ളുവ്യവസായ തൊഴിലാളി<br>26. വികലാംഗർ<br>27. പെട്രോൾ ബങ്കിൽ പണിയെടുക്കുന്നവർ<br>28. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൃഷിനിലം ഇല്ലാത്ത നിർമ്മാണ തൊഴിലാളി, ചുമട്ടു തൊഴിലാളി<br>29. മോട്ടോർ തൊഴിലാളി |

| | |
|---|---|
| 30. സർക്കസ് കലാരംഗത്തെ തൊഴിലാളി<br>31. കശുവണ്ടി തോട്ടം തൊഴിലാളി<br>32. തയ്യൽ തൊഴിലാളി<br>33. നിർധനരായ ഖാദി ജീവനക്കാർ<br>34. ക്ഷീരകർഷകർ | 35. പെയിന്റിംഗ് തൊഴിലാളി<br>36. വൃദ്ധജനങ്ങൾ<br>37. പേപ്പർ വ്യവസായം (കൈത്തൊഴിൽ)<br>38. മദ്രസ അദ്ധ്യാപകർ<br>39. ഗാർഹിക തൊഴിലാളി<br>40. അഭയയിലെ അന്തേവാസികൾ |